# PHMKM V&HSS PANAVOOR

# ACADEMIC MASTERPLAN
# 2025 – 26

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

CWSN കുട്ടികളുടെ സർഗാത്മക വികാസത്തിനും അതിലുപരി സമഗ്രവും ഗുണമേന്മയുമുള്ള പരിശീലനത്തിനുമായി ക്ലാസ് മുറികളിലെ പ്രവർത്തനങ്ങൾ അവർക്ക് അനുകൂലമാക്കേണ്ടതുണ്ട്.

**വിഷയം**

മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട പാഠപുസ്തകത്തിലെ പാഠങ്ങൾ കുട്ടിയുടെ ഭൗതീക നിലവാരത്തിനും വൈകല്യ മേഖലകൾക്കും അനുസരിച്ച് അനുരൂപീകരിച്ചു നൽകുന്നു.

**വായന**

ക്ലാസ് മുറിയിലെ പ്രകടനം മെച്ചപ്പെടുത്തുന്നതിനും ആസ്വാദ്യകരമാക്കുന്നതിനും കുട്ടികൾക്ക് ചിത്ര വായനയിലൂടെയും വിവിധ ബാല മാസികകളിലൂടെയും വായനാശേഷി ആർജിക്കേണ്ടതായിട്ടുണ്ട്.

- ചിത്രം തിരിച്ചറിയുന്നതിന്
- ചിത്രം വിശദീകരിക്കുന്നതിന്
- ചിത്രത്തിന്റെ ആശയം രൂപീകരിക്കുന്നതിന്
- അക്ഷരങ്ങൾ കണ്ട് തിരിച്ചറിയുന്നതിന്
- അക്ഷരങ്ങൾ പറയുന്നതിന്
- അക്ഷരങ്ങളിൽ നിന്നും വാക്കുകൾ രൂപീകരിക്കുന്നതിന്
- പദങ്ങളും വാക്കുകളും ചിത്രങ്ങളും തമ്മിൽ യോജിപ്പിക്കുന്നതിന്
- പദങ്ങൾ കൊണ്ട് വാക്യങ്ങൾ രൂപീകരിക്കുന്നതിന്
- വാക്കുകൾ ക്രമീകരിച്ച് വായിക്കുന്നതിന്
- പാഠഭാഗത്തിന്റെ ആശയം കഥാരൂപത്തിൽ അവതരിപ്പിക്കുന്നു. കവിയെയും കഥാപാത്രങ്ങളെയും പരിചയപ്പെടുത്തുന്നു. ബഡ്ഡീസിന്റെ സഹായത്തോടെ നാടക രൂപേണ ചെയ്യിക്കുന്നു.
- പാഠഭാഗത്തിന്റെ ആശയം കുട്ടികളിൽ എത്തിക്കുന്നതിന് വേണ്ടി ഐസിടി സാധ്യത പ്രയോജനപ്പെടുത്തുന്നു.
-

**എഴുത്ത് (ലേഖനം)**

വായനയോടൊപ്പം തന്നെ പ്രാധാന്യമർഹിക്കുന്ന ഒരു മേഖല തന്നെയാണ് ലേഖനം. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ ലേഖനത്തിൽ വിവിധ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഈ ബുദ്ധിമുട്ടുകൾ തിരിച്ചറിഞ്ഞ് ലേഖനശേഷി സുഗമമാക്കാനുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

- കുട്ടികൾ അക്ഷരങ്ങൾ വ്യക്തമായും വൃത്തിയായും എഴുതാനുള്ള കഴിവ് നേടാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- ചിഹ്നങ്ങൾ, മടക്ഷരങ്ങൾ, ചില്ലക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് യഥാസ്ഥാനത്ത് പ്രയോഗിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- അക്ഷരങ്ങൾ പദങ്ങളായും പദങ്ങൾ അക്ഷരങ്ങളായും വാക്യങ്ങൾ വാചകങ്ങളായും എഴുതാനുള്ള ശേഷി നേടാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു
- വാക്കുകൾ അകലം പാലിച്ച് എഴുതുന്നതിന് പരിശീലിപ്പിക്കുന്നു.

- വായിച്ച ആശയങ്ങൾ സ്വതസിദ്ധമായ ഭാഷയിൽ എഴുതാനുള്ള കഴിവ് നേടാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

## ഗണിതം

അനുരൂപീകരണ പ്രക്രിയകളിലൂടെ ഗണിത പഠനം കുട്ടികൾക്ക് ലളിതമാക്കി മാറ്റുന്നു.

- സംഖ്യകൾ തിരിച്ചറിയൽ
- സംഖ്യകൾ ക്രമപ്പെടുത്തൽ
- ചിത്രങ്ങളിലെയും സാധനങ്ങളുടെയും സഹായത്താൽ എണ്ണിത്തിട്ടപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നൽകൽ
- ചിത്രത്തിലെ എണ്ണം എണ്ണി എഴുതാനുള്ള പ്രവർത്തനം.
- ചിത്രത്തിലെ ആകൃതികൾ മനസ്സിലാക്കാനുള്ള പ്രവർത്തനങ്ങൾ
- ഐസിടി സാധ്യത ഉപയോഗിച്ച് ഗണിതരൂപങ്ങൾ വരയ്ക്കാനുള്ള പരിശീലനം.
- രൂപ പൈസ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ

## സയൻസ് വിഷയം

- ഭൗതിക നിലവാരം അനുസരിച്ച് ചിത്രത്തിന്റെയും ഐസിടി സാധ്യതയുടെയും സഹായത്താൽ സയൻസ് വിഷയങ്ങൾ കുട്ടികൾക്ക് വളരെ ലഘുവായും ബഡ്ഡിന്റെ സഹായത്തോടുകൂടിയും പറഞ്ഞുകൊടുക്കുന്നു.
- മൾട്ടി സെൻസറി approach ലൂടെയും ദൃശ്യ സസഭവങ്ങളിലൂടെയും സയൻസ് വിഷയങ്ങൾ കുട്ടികളിൽ കൂടുതലായി എത്തിക്കേണ്ട പ്രവർത്തനങ്ങൾ നൽകുന്നു.
- പ്രകൃതിയിലുള്ള വസ്തുക്കളെ നേരിട്ട് അറിയാനുള്ള അവസരം നൽകുന്നു.
- പരീക്ഷണങ്ങൾ നടത്തുമ്പോൾ ബഡീസിന്റെ സഹായം ഉറപ്പുവരുത്തുന്നു.
- റിയൽ ഒബ്ജക്ടുകൾ ഉപയോഗിക്കുന്നു.
- പാഠഭാഗങ്ങൾ അനുരൂപീകരിച്ച് നൽകുന്നു.

## സോഷ്യൽ സയൻസ്

- മൾട്ടി സെൻസറി അപ്രോച്ചിലൂടെ സാഷ്യൽ സയൻസ് പഠിപ്പിക്കുന്നു.
- ചിത്രങ്ങൾ, മാപ്പുകൾ,ഐസിടി സാധ്യത എന്നിവ ഇതിനായി കൂടുതലായി പ്രയോജനപ്പെടുത്തുന്നു.
- ചിത്ര രൂപത്തിലും ടാക്ടൈയിലും ആയിട്ടുള്ള മാപ്പുകൾ ഉപയോഗിക്കുന്നു.
- പാഠഭാഗങ്ങൾ അനുരൂപീകരിച്ച് നൽകുന്നു.

# പി.എച്ച്.എം.കെ.എം.വി.എച്ച്.എസ്.എസ് പനവൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം ഹൈസ്കൂൾ വിഭാഗം

പ്രവർത്തനം :- 1

പേര് :-കേട്ടെഴുത്ത്

മേഖല :-മലയാളം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| കേട്ടെഴുത്ത് (ദൈനംദിന ഭാഷാപ്രയോഗത്തിൽ തെറ്റായി എഴുതാൻ സാധ്യതയുള്ള പദങ്ങൾ ) | ഒരു മാസം | മലയാളം അധ്യാപകർ | 8-10 | | എല്ലാ കുട്ടികളും തെറ്റു കൂടാതെ എഴുതാനും വായിക്കാനും കഴിവ് നേടുന്നു. |

പ്രവർത്തനം :- 2

പേര് :-ദിനാചരണങ്ങൾ

മേഖല :-മലയാളം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ദൃശ്യാവിഷ്കാരം | 10 മാസം | മലയാളം അധ്യാപകർ | 8-10 | | സാഹിത്യം, സാഹിത്യകാരന്മാരുടെ ജീവിത വീക്ഷണം, കഥാപാത്രങ്ങൾ എന്നിവ മനസിലാക്കുന്നു. |

പ്രവർത്തനം :- 3

പേര് :-ഷോർട് ഫിലിം നിർമാണം

മേഖല :-മലയാളം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കുട്ടികളിൽ സാമൂഹിക മാനവിക മൂല്യങ്ങൾ വളർത്താനുതകുന്ന പ്രമേയങ്ങൾ ഉൾപ്പെടുത്തിയുള്ള ഷോർട് ഫിലിം നിർമാണം . | 6 മാസം | മലയാളം അധ്യാപകർ | 8-10 | 1000 | വാർധ്ക്യം നേരിടുന്ന പ്രശ്നങ്ങൾ നേരിട്ട് മനസിലാ ക്കുക,വൃദ്ധരെ സ്നേഹിക്കുവാനുള്ള മനോഭാവം വളർത്തുക. അതുമായി ബന്ധപ്പെട്ട സാഹിത്യങ്ങൾ പരിചയപ്പെടുക. |

പ്രവർത്തനം :- 4

പേര് :-ഡിജിറ്റൽ പത്രം തയ്യാറാക്കൽ

മേഖല :-മലയാളം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| പാഠഭാഗങ്ങളിൽ നിന്നും ലഭിച്ച നല്ല ചിന്തകളും ഉദാത്തമായ ജീവിത മൂല്യങ്ങളും സമൂഹത്തിൽ എത്രമാത്രം പ്രകടമാണ് എന്നതിന്റെ അടിസ്ഥാനത്തിൽ ഡിജിറ്റൽ പത്രം തയ്യാറാക്കൽ. | 6 മാസം | മലയാളം അധ്യാപകർ | 8-10 | | ഐ.സി.റ്റി സാധ്യത ഉപയോഗിക്കുക . അതിലൂടെ വ്യത്യസ്ത വ്യവഹാര രൂപങ്ങൾ തയാറാക്കാനും മാനവ മൂല്യങ്ങൾ ആർജിക്കുവാനും കുട്ടികളെ സന്നദ്ധരാക്കുന്നു. |

പ്രവർത്തനം :- 5

പേര് :-വൃദ്ധ സദന സന്ദർശനം

മേഖല :-മലയാളം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| കുട്ടികൾ വൃദ്ധസദനങ്ങൾ സന്ദർശിച്ച് വൃദ്ധർക്ക് സ്നേഹവും കരുതലും നൽകുന്ന തണൽ പദ്ധതി | ഒരു മാസം | മലയാളം അധ്യാപകർ | 8-10 | | വൃദ്ധർക്ക് സ്നേഹവും കരുതലും നൽകാൻ കുട്ടികളെ സന്നദ്ധരാക്കുക. |

പ്രവർത്തനം :- 6

പേര് :-അക്ഷരശ്ലോക സദസ്

മേഖല :-മലയാളം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| പുതിയ തലമുറക്ക് അപരിചിതമായി മാറിയ അക്ഷരശ്ലോക സദസിനെ പരിചയപ്പെടുത്തുവാനും അതിൽ കഴിവ് വളർത്തുവാനും ഉതകുന്ന പരിപാടി . | 10 മാസം | മലയാളം അധ്യാപകർ | 8-10 | | പ്രാചീന കവിതകൾ, കവിത്രയങ്ങളിലെ കവിതകൾ, ആനുകാലിക കവിതകൾ എന്നിവ പഠിക്കാനും മന:പാഠമാക്കാനും, അക്ഷരശ്ലോക സദസുകൾ സംഘടിപ്പിക്കുവാനും കുട്ടികളെ പ്രാപ്തരാകുന്നു. |

# പി.എച്ച്.എം.കെ.എം.വി.എച്ച്.എസ്.എസ് പനവൂർ

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

### മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേഴ്സ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേഴ്സ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേഴ്സ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേഴ്സ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേഴ്സ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേഴ്സ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേഴ്സ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേഴ്സ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേഴ്സ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets - യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

# പി.എച്ച്.എം.കെ.എം.വി.എച്ച്.എസ്.എസ് പനവൂർ

## അക്കാഡമിക്ക് മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമികം     ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 8,9, 10 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9, 10 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 58, 9,10 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 9,10 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 9,8 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9,10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 8,9, 10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

# പി.എച്ച്.എം.കെ.എം.വി.എച്ച്.എസ്.എസ് പനവൂർ

## <u>അക്കാദമിക് മാസ്റ്റർ പ്ലാൻ</u>

**മേഖല – അക്കാദമികം** *ഹൈസ്കൂൾ വിഭാഗം* **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപ-കരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷകൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# പി.എച്ച്.എം.കെ.എം.വി.എച്ച്.എസ്.എസ് പനവൂർ

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

| മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| 1) പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യ ബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# പി.എച്ച്.എം.കെ.എം വി &എച്ച്.എസ്.എസ് പനവൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## രസതന്ത്രം ഹൈസ്കൂൾ വിഭാഗം

രസതന്ത്രം

പ്രവർത്തനം :- 1

പേര് :-സയൻസ് ലാബ് നവീകരണം

മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| സയൻസ് ലാബിലെ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്,കെമിസ്ട്രി, ബയോളജി എന്നിങ്ങനെ തരം തിരിച് ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ,ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ് സയൻസ് അധ്യാപകർ | 8 – 10 | | സയൻസ് ലാബ് നവീകരിക്കൽ |

പ്രവർത്തനം :- 2

പേര് :-ശാസ്ത്ര യാത്രകൾ

മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ഗവേഷണ സ്ഥാപനങ്ങൾ, സയൻസ് മ്യൂസിയം, സയൻസ് പ്രദർശനങ്ങൾ ISRO, Botanical Garden, Vizhinjzm Marine Aquarium&CMFRI, Planatorium, Biodiver sity Museum Vallaikkadavu, Water Purifying Plant, VBI Palode, CTCRI Sreekaryam, കാർഷിക കോളേജ് വെള്ളായണി എന്നിവിടങ്ങളിലേക്കുള്ള യാത്രകൾ സംഘടിപ്പിക്കുന്നു. | പ്രതിവർഷം 4 യാത്രകൾ | സയൻസ് ക്ലബ് | 8 – 10 | Sponsorship | പഠനം രസകരമാക്കുന്നതിന്, നേരിട്ടുള്ള പഠനം ലഭ്യമാക്കുന്നതിന് |

പ്രവർത്തനം :- 3

പേര് :-പ്രതിഭാ പോഷണം

മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ശാസ്ത്രത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികൾക്കായി ക്ലാസുകൾ ഒഴിവു ദിനങ്ങളിൽ സംഘടിപ്പിക്കൽ | ഒഴിവു ദിവസങ്ങൾ | SRG,SSG | | Sponsorship | ലഘു പരീക്ഷണ ങ്ങളിലൂടെ ആശയ രൂപീകരണത്തിൽ എത്തിച്ചേരുക . |

പ്രവർത്തനം :- 4

പേര് :-ശാസ്ത്ര പോഷണ പരിപാടി

മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ശാസ്ത്രത്തിന്റെ രീതി ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദം | പ്രതിമാസ പരിപാടി | സയൻസ് ക്ലബ് | 8 – 10 | | ശാസ്ത്ര മനോഭാവം വളർത്തുക. |

പ്രവർത്തനം :- 5

പേര് :-മേളകൾ

മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരിക്കൽ | സയൻ ക്ലബ്, സയൻസ് അധ്യാപകർ | 8 – 10 | PTA | ശാസ്ത്ര ആശയ ങ്ങളേക്കുറിച്ച് ധാരണ ഉണ്ടാക്കൽ ശാസ്ത്രപഠനം നിത്യ ജീവിതവുമായി ബന്ധപ്പെടുത്തൽ. |

പ്രവർത്തനം :- 6
പേര് :-കൈയെഴുത്തു മാസിക നിർമാണം
മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| കൈയെഴുത്തു മാസിക നിർമാണം | വർഷം | കുട്ടികൾ, സയൻസ് അധ്യാപകർ | 8 – 10 | | ശാസ്ത്ര ചിന്ത, ശാസ്ത്രവബോധം, ശാസ്ത്ര നൈപുണ്യം, ശാസ്ത്ര പഠനത്തിനുള്ള സാധ്യത. |

പ്രവർത്തനം :- 7
പേര് :-സയൻസ് ലൈബ്രറി
മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനാസാമഗ്രികളും, സയൻസ് മാഗസിനുകളും സയൻസ് ബുക്കുകളും, സയൻസ് ലൈബ്രറിയിൽ സജ്ജീകരിക്കുന്നു. സമയബന്ധിതമായി പുസ്തകങ്ങൾ കുട്ടിക്ക് നൽകി കുറിപ്പ് തയ്യാറാ ക്കണം.കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കണം . ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം തയ്യാറാക്കൽ | വർഷം | HM,സയൻസ് അധ്യാപകർ | 8 – 10 | | ശാസ്ത്ര വിജ്ഞാനം വികസിപ്പിക്കുക. മികച്ച വായനാശീലം |

പ്രവർത്തനം :- 8
പേര് :-നൂതന സാങ്കേതികവിദ്യ
പരിചയപ്പെടൽ
മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ബയോ ടെക് നോളജി,ജനറ്റിക് എൻജിനീറിങ്, ഹൈടെക് കൃഷി രീതികൾ ലാബിൽ ചെയ്യാൻ കഴിയാത്ത പരീക്ഷണങ്ങൾ എന്നിവ സാധ്യത ഉപയോഗിച്ച് ചെയ്തു കാണിക്കുന്നു . | ഒരു വർഷം | സയൻസ് ക്ലബ് , അധ്യാപകർ | 8 – 10 | | ശാസ്ത്രപഠന നേട്ടങ്ങൾ കുട്ടികൾ ആർജിക്കുന്നു കുട്ടികളിൽ നൂതന സാങ്കേതിക വിദ്യകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു. |

പ്രവർത്തനം :- 9
പേര് :-ശാസ്ത്ര ഗവേഷണ പ്രോജെക്റ്റ്
മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ശാസ്ത്ര ഗവേഷ പ്രൊജെക്ടുകൾ തയ്യാറാക്കുവാൻ വേണ്ട നിർദേശങ്ങൾ കൊടുക്കുന്നു .പഠന പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെക്കുറിച്ച് സർവേ നടത്തി അവർക്ക് പ്രൊജെക്ടുകൾ നൽകുന്നു താരതമ്യം,വിശകലനം,അപഗ്രഥനം, പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ, അവതരണം | 13 വർഷം | സയൻസ് ക്ലബ്, അധ്യാപകർ | 8 – 10 | | ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുന്നു .ശ ാസ്ത്രനേട്ടങ്ങൾ സമൂഹ നന്മക്കായി രൂപപ്പെടുത്തുന്നു. |

പ്രവർത്തനം :- 10
പേര് :-ശാസ്ത്ര പരീക്ഷണങ്ങൾ
മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വിവിധ നേട്ടങ്ങൾ ആർജിക്കുന്നതിനാവശ്യമായ ശാസ്ത്ര പരീക്ഷണങ്ങൾ കുട്ടികൾക്ക് നൽകുന്നു. ഉപകരണങ്ങളും രാസവസ്തുക്കളും അപകടരഹിതമായ കൈകാര്യം ചെയ്യാനുള്ള കഴിവ്, ശാസ്ത്ര ആശയങ്ങളുടെ ഉദാഹരണങ്ങൾ ദൈനംദിന ജീവിതത്തിൽ നിരീക്ഷിക്കുക വീട്ടിലെ ഉപകരണങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്ര ആശയങ്ങളെക്കുറിച്ച് ധാരണ ഉണ്ടാക്കുക | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്, അധ്യാപകർ | 8 – 10 | | പരീക്ഷണ നിരീ ക്ഷണങ്ങളിലൂടെ ആശയ രൂപീക രണം നടത്തുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടു ത്തുക. |

പ്രവർത്തനം :- 11

പേര് :-സർഗാത്മക മേഖല

മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| പസിൽസ്, ക്വിസ്, ഉപകരണങ്ങൾ ഡിസൈൻ ചെയ്യൽ, പരീക്ഷണങ്ങൾ രൂപകൽപ്പന ചെയ്യൽ,ശാസ്ത്രനാടകം അവതരിപ്പിക്കൽ | ഒരു വർഷം | സയൻസ് ക്ലബ്, അധ്യാപകർ | 8 – 10 | | ശാസ്ത്ര അവബോധം ,ശാസ്ത്രചിന്ത,ശാസ്ത്ര നൈപുണ്യം ഇവ എല്ലാ കുട്ടികൾക്കും എത്തിക്കൽ. ശരി യായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ. |

പ്രവർത്തനം :- 12

പേര് :-സയൻസ് ഡിക്ഷണറി

മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ ആവശ്യമായി വരുന്ന വാക്കുകൾ, സൂകങ്ങൾ ചിത്രങ്ങൾ, സ്ഥാപനങ്ങൾ,ഇവയെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡിക്ഷണറി, ശാസ്ത്ര ആൽബം തയ്യാറാക്കുക . | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ് | 8 – 10 | | ശാസ്ത്ര അവബോധം ,ശാസ്ത്രചിന്ത,ശാസ്ത്ര നൈപുണ്യം എന്നിവ കുട്ടിക ളിൽ വികസിപ്പി ച്ചെടുക്കുക. |

പ്രവർത്തനം :- 13

പേര് :-ഡോക്യുമെന്ററി, ഫിലിം പ്രദർശനം

മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ഐ ടി മേഖല പ്രയോജനപ്പെടുത്തി ശാസ്ത്രത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കൽ, വിവിധ കാലഘട്ടങ്ങളിലുണ്ടായ ശാസ്ത്ര നേട്ടങ്ങളെക്കുറിച്ചുള്ള ഫിലിം പ്രദർശനം | ആഴ്ചയിൽ ഒരിക്കൽ | സയൻ ക്ലബ് അധ്യാ പകർ | 8 – 10 | | ശാസ്ത്ര പഠനത്തിൽ ഐ ടി പ്രയോജന പ്പെടുത്തു വാനുള്ള കഴിവ്. |

പ്രവർത്തനം :- 14

പേര് :-സെമിനാർ

മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ചുറ്റുപാടും കിട്ടുന്ന പാഴ് വസ്തുക്കൾ കൊണ്ട് പഠന സാമഗ്രികൾ തയ്യാറാക്കുക .ഇത് ആധാരമാക്കി സെമിനാർ തയ്യാറാക്കുക. | വർഷത്തിൽ ഒരിക്കൽ | കുട്ടികൾ, സയൻ സ് ടീച്ചർ | 8 – 10 | | ശാസ്ത്ര അവബോധം വളർത്തുക |

പ്രവർത്തനം :- 15

പേര് :-Virtual Lab

മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ക്ലാസ് റൂമിൽവെച്ച ചെയ്യാവുന്ന പരീക്ഷണങ്ങൾക്ക് ആവശ്യമായ പദാർഥങ്ങളും ഉപകരണങ്ങളും ശേഖരിക്കുക.പ്രകൃതിയിൽനിന്നും ലഭിക്കാവുന്ന വസ്തുക്കൾ ഉപയോഗിച്ച് ലഘു പരീക്ഷണങ്ങൾ നടത്തുക | പ്രതിമാസ പരിപാടി | കുട്ടികൾ, സയൻസ് ടീച്ചർ | 8 – 10 | | പരീക്ഷണ നിരീക്ഷണങ്ങൾക്ക് ആവശ്യമായ മനോഭാവം വളർത്തുക. |

പ്രവർത്തനം :- 16
പേര് :-പോസ്റ്റർ രചന
മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| സയൻസ് വിഷയങ്ങളുമായി ബന്ധപ്പെട്ട പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കുക. അവയെക്കുറിച് ബോധവൽക്കരണം നൽകുക. | വർഷം,ശാസ്ത്ര ദിനങ്ങളിലും പ്രതിമാസവും | സയൻസ് ക്ലബ്, സയൻസ് അധ്യാപകർ | 8 – 10 | | ശാസ്ത്ര വീക്ഷണം രൂപപ്പെടുന്നു. |

പ്രവർത്തനം :- 17
പേര് :-പ്രൊജക്റ്റ്
മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ശാസ്ത്ര ഗവേഷണ പ്രൊജക്റ്റ് തയ്യാറാക്കാൻ വേണ്ട നിർദേശങ്ങൾ കൊടുക്കുന്നു പഠന പിന്നോക്കാവസ്ഥയിൽ ഉള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ലഘു പ്രൊജക്ടുകൾ നൽകുന്നു. താരതമ്യം, വിശകലനം ,അപഗ്രഥനം,പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ, അവതരണം. | ഒരു വർഷം | സയൻസ് ക്ലബ്, സയൻസ് അധ്യാപകർ | 8 – 10 | | ശാസ്ത്ര വീക്ഷണം രൂപപ്പെടുന്നു . ശാസ്ത്ര നേട്ടങ്ങൾ സമൂഹത്തിനായി ഉപയോഗിക്കുന്നു . |

പ്രവർത്തനം :- 18
പേര് :-വിദഗ്ധ ക്ലാസുകൾ.
മേഖല :-രസതന്ത്രം

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| എനർജി മാനേജ്മെന്റ്, ഉപഗ്രഹ വിക്ഷേപണം, നൂതനമായ കണ്ടുപിടിത്തങ്ങൾ ഉടങ്ങിയ കാലിക പ്രമാണമായ വിഷയങ്ങളെക്കുറിച്ച് വിദഗ്ധ ക്ലാസുകൾ. | ഓരോ ടേമിലും | സയൻസ് ക്ലബ്, സയൻസ് അധ്യാപകർ | 8 – 10 | | ശാസ്ത്രീയ മനോഭാവം വളർത്തുക, ശാസ്ത്ര വിജ്ഞാനം വർധിപ്പിക്കുക . |

# പി.എച്ച്.എം.കെ.എം വി &എച്ച്.എസ്.എസ് പനവൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ഭൗതികശാസ്ത്രം ഹൈസ്കൂൾ വിഭാഗം

ഭൗതികശാസ്ത്രം

പ്രവർത്തനം :- 1

പേര് :-സയൻസ് ലാബ് നവീകരണം

മേഖല :-ഫിസിക്സ്

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ആവശ്യമായ സാമഗ്രികളുടേയും സാധനങ്ങളുടെയും ലിസ്റ്റ് ചെയ്യൽ. നിലവിലെ ലാബിലെ സ്റ്റോക്ക് രജിസ്റ്റർ Update ചെയ്യൽ. | June -July | സയൻസ് ക്ലബ്, സയൻസ് അധ്യാപകർ | 8 – 10 | | HS വിഭാഗം പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്യൽ. |

പ്രവർത്തനം :- 2

പേര് :-ശാസ്ത്ര യാത്രകൾ

മേഖല :-ഫിസിക്സ്

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ISRO, Botanical Garden, Vizhinjazm Marine Aquarium&CMFRI, Planatorium, Biodiver sity Museum Vllaikkadavu, Water Purifying Plant, VBI Palode, CTCRI Sreekaryam, കാർഷിക കോളേജ് വെള്ളായണി എന്നിവിടങ്ങളിലേക്കുള്ള യാത്രകൾ സംഘടിപ്പിക്കുന്നു. | പ്രതിവർഷം 3 യാത്രകൾ | | 8 – 10 | | നേരിട്ടുള്ള പഠനം ലഭ്യമാക്കുന്നതിന് |

പ്രവർത്തനം :- 3

പേര് :-Simple Task Great Concept

മേഖല :-ഫിസിക്സ്

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ശാസ്ത്ര ലോകം ബ്ലോഗിൽ നിന്നും പരീക്ഷണങ്ങൾ 100 തെരഞ്ഞെടുത്ത് ക്ലാസ് അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്യുന്നു. കോപ്പി എടുത്ത് ലാബിൽ ഒട്ടിക്കുന്നു. | ജൂൺ-ഡിസംബർ | സയൻസ് ക്ലബ് സയൻസ് അധ്യാപകർ | 8 – 10 | | പരീക്ഷണങ്ങളിലൂടെ രൂപീകരണത്തിൽ എത്തിച്ചേരുക . |

പ്രവർത്തനം :- 4

പേര് :-ശാസ്ത്ര ഗവേഷണ പ്രൊജക്റ്റ്

മേഖല :-ഫിസിക്സ്

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ശാസ്ത്ര ഗവേഷണ പ്രൊജക്റ്റ് തയ്യാറാക്കാൻ വേണ്ട നിർദേശങ്ങൾ കൊടുക്കുന്നു പഠന പിന്നോക്കാവസ്ഥയിൽ ഉള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ലഘു പ്രൊജക്റ്റുകൾ നൽകുന്നു. താരതമ്യം വിശകലനം അപഗ്രഥനം,പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ, അവതരണം. | വർഷം | സയൻസ് ക്ലബ് സയൻസ് അധ്യാപകർ | 8 – 10 | | ശാസ്ത്ര വീക്ഷണം രൂപപ്പെടുന്നു. ശാസ്ത്ര നേട്ടങ്ങൾ സമൂഹത്തിനായി ഉപയോഗിക്കുന്നു . |

പ്രവർത്തനം :- 5

പേര് :-പോസ്റ്റർ രചന

മേഖല :-ഫിസിക്സ്

| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| സയൻസ് വിഷയങ്ങളുമായി ബന്ധപ്പെട്ട പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കുക. അവയെക്കുറിച്ച് ബോധവൽക്കരണം നൽകുക. | വർഷം,ശാസ്ത്ര ദിനങ്ങളിലും പ്രതിമാസവും | സയൻസ് ക്ലബ് സയൻസ് അധ്യാപകർ | 8 – 10 | | ശാസ്ത്ര വീക്ഷണം രൂപപ്പെടുന്നു.ശാസ്ത്ര പഠനത്തിനുള്ള താത്പര്യം വർധിപ്പിക്കുക ശാസ്ത്ര മനോഭാവം |

| പ്രവർത്തനം :- 6<br>പേര് :-Virtual Lab<br>മേഖല :-ഫിസിക്സ് | | | | | |
|---|---|---|---|---|---|
| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
| ക്ലാസ് റൂമിൽവെച്ച ചെയ്യാവുന്ന പരീക്ഷണങ്ങൾക്ക് ആവശ്യമായ പദാർഥങ്ങളും ഉപകരണങ്ങളും ശേഖരിക്കുക.പ്രകൃതിയിൽനിന്നും ലഭിക്കാവുന്ന വസ്തുക്കൾ ഉപയോഗിച്ച് ലഘു പരീക്ഷണങ്ങൾ നടത്തുക | ഹ്രസ്വകാലം | കുട്ടികൾ സയൻസ് അധ്യാപകർ | 8 – 10 | | പരീക്ഷണ നിരീക്ഷണങ്ങൾക്ക് ആവശ്യമായ മനോഭാവം വളർത്തുക |
| പ്രവർത്തനം :- 7<br>പേര് :-വിദഗ്ധ ക്ലാസുകൾ<br>മേഖല :-ഫിസിക്സ് | | | | | |
| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
| എനർജി മാനേജ്മെന്റ്, ഉപഗ്രഹ വിക്ഷേപണം, നൂതനമായ കണ്ടുപിടിത്തങ്ങൾ ഉടങ്ങിയ കാലിക പ്രമാണമായ വിഷയങ്ങളെക്കുറിച്ച് വിദഗ്ധ ക്ലാസുകൾ. | ഓരോ ടേമിലും | സയൻസ് ക്ലബ് സയൻസ് അധ്യാപകർ | 8 – 10 | | ശാസ്ത്രീയ മനോഭാവം വളർത്തുക, ശാസ്ത്രവിജ്ഞാനം വർധിപ്പിക്കുക . |
| പ്രവർത്തനം :- 8<br>പേര് :-സയൻസ് ലൈബ്രറി<br>മേഖല :-ഫിസിക്സ് | | | | | |
| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
| ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനാസാമഗ്രികളും, സയൻസ് മാഗസിനുകളും സയൻസ്  ബുക്കുകളും, സയൻസ് ലൈബ്രറിയിൽ സജ്ജീകരിക്കുന്നു. സമയബന്ധിതമായി പുസ്തകങ്ങൾ കുട്ടിക്ക് നൽകി കുറിപ്പ് തയ്യാറാക്കണം.കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കണം. | 1 വർഷം | HM സയൻസ് അധ്യാപകർ | 8 – 10 | | ശാസ്ത്ര വിജ്ഞാനം വികസിപ്പിക്കുക. മികച്ച വായനാശീലം |
| പ്രവർത്തനം :- 9<br>പേര് :- കൈയെഴുത്തു മാസിക നിർമാണം<br>മേഖല :-ഫിസിക്സ് | | | | | |
| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
| കൈയെഴുത്തു മാസിക നിർമാണം | 1 വർഷം | കുട്ടികൾ സയൻസ് അധ്യാപകർ | 8 – 10 | | ശാസ്ത്ര ചിന്ത , ശാസ്ത്രവബോധം, ശാസ്ത്ര നൈപുണ്യം , ശാസ്ത്ര പഠനത്തിനുള്ള സാധ്യത |
| പ്രവർത്തനം :- 10<br>പേര് :-നൂതന സാങ്കേതികവിദ്യ പരിചയപ്പെടൽ<br>മേഖല :-ഫിസിക്സ് | | | | | |
| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
| ബയോ ടെക് നോളജി,ജനറ്റിക് എൻജിനീറിങ്,ഹൈടെക് കൃഷി രീതികൾ ലാബിൽ ചെയ്യാൻ കഴിയാത്ത പരീക്ഷണങ്ങൾ എന്നിവ സാധ്യത ഉപയോഗിച്ച് ചെയ്തു കാണിക്കുന്നു. | 1 വർഷം | സയൻസ് ക്ലബ് സയൻസ് അധ്യാപകർ | 8 – 10 | | ശാസ്ത്രപഠന നേട്ടങ്ങൾ ആർജിക്കുന്ന കുട്ടികളിൽ നൂതന സാങ്കേതിക വിദ്യകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു |

| പ്രവർത്തനം :- 11<br>പേര് :-സർഗാത്മക മേഖല<br>മേഖല :-ഫിസിക്സ് | | | | | |
|---|---|---|---|---|---|
| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
| പസിൽസ്, ക്വിസ്, ഉപകരണങ്ങൾ ഡിസൈൻ ചെയ്യൽ, പരീക്ഷണങ്ങൾ രൂപകൽപ്പന ചെയ്യൽ, ശാസ്ത്രനാടകം അവതരിപ്പിക്കൽ,ഫ്ലാഷ് മോബ് അവതരിപ്പിക്കൽ | 1 വർഷം | സയൻസ് ക്ലബ് സയൻസ് അധ്യാപകർ | 8 – 10 | | ശാസ്ത്ര അവബോധം , ശാസ്ത്രചിന്ത, ശാസ്ത്ര നൈപുണ്യം ഇവ എല്ലാ കുട്ടികൾക്കും എത്തിക്കൽ. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ |
| പ്രവർത്തനം :- 12<br>പേര് :-ഡോക്യുമെന്ററി, ഫിലിം പ്രദർശനം<br>മേഖല :-ഫിസിക്സ് | | | | | |
| പ്രവർത്തനം | കാലം | ചുമതല | ക്ലാസ് | സാമ്പത്തികം | ലക്ഷ്യം |
| ഐ ടി മേഖല പ്രയോജനപ്പെടുത്തി ശാസ്ത്രത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കൽ, വിവിധ കാലഘട്ടങ്ങളിലുണ്ടായ ശാസ്ത്ര നേട്ടങ്ങളെക്കുറിച്ചുള്ള ഫിലിം പ്രദർശനം | ആഴ്ചയിൽ ഒരിക്കൽ | സയൻസ് ക്ലബ് സയൻസ് അധ്യാപകർ | 8 – 10 | | ശാസ്ത്ര പഠനത്തിൽ പ്രയോജനപ്പെടുത്തുവാനുള്ള കഴിവ് |

# പി.എച്ച്.എം.കെ.എം.വി.എച്ച്.എസ്.എസ് പനവൂർ

## അക്കാഡമിക്ക് മാസ്റ്റർ പ്ലാൻ

### മേഖല – ഹൈസ്കൂൾ ജീവശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി ബോധവൽക്കരണം | • പരിസ്ഥിതി ദിനത്തിൽ മരത്തൈ നട്ടുപിടിപ്പിക്കൽ• പോസ്റ്റർ മത്സരം | **ജൂൺ 5** | ഇക്കോ ക്ലബ്, ബയോളജി വിഭാഗം | പി.ടി.എ, സയൻസ് ക്ലബ് |
| 2 | ലാബ് ഉപയോഗ നൈപുണ്യങ്ങൾ | ലാബ് സുരക്ഷാ പരിശീലനം, മൈക്രോസ്കോപ്പ് പരിചയം | ജൂൺ 2 ആം ആഴ്ച | ബയോളജി വിഭാഗം | സ്കൂൾ അധ്യാപന ഫണ്ട് |
| 3 | ജൈവ വൈവിധ്യം പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യ-ജന്തു പട്ടിക തയ്യാറാക്കൽ | ജൂലൈ മുഴുവൻ | ബയോളജി വിഭാഗം, സയൻസ് ക്ലബ് | പി.ടി.എ |
| 4 | സസ്യസംരക്ഷണത്തിന് ബോധവത്ക്കരണം | സസ്യോദ്യാനം സന്ദർശനം/ ഹെർബേറിയം നിർമ്മാണം + പ്രവർത്തനപത്രം | ജൂലൈ അവസാനം | ബയോളജി വിഭാഗം | പി.ടി.എ, എസ്.എം.സി |
| 5 | ബയോടെക്നോളജി പരിചയം | ലാബ് വർക്ക് – ടിഷ്യൂ കൾച്ചർ പരിശീലനം | ഓഗസ്റ്റ് 1 ആം ആഴ്ച | അതിഥി അധ്യാപകൻ | സ്ഥാപന സഹായം/സിഎസ്ആർ |
| 6 | പരിസ്ഥിതി പഠനാനുഭവം | ജലാശയത്തിൽ ഫീൽഡ് സ്റ്റഡി, സാമ്പിൾ ശേഖരണം | ഓഗസ്റ്റ് അവസാനം | ബയോളജി വിഭാഗം, ഇക്കോ ക്ലബ് | സയൻസ് ക്ലബ് |
| 7 | ഗവേഷണ വൈദഗ്ധ്യം വളർത്തൽ | വിദ്യാർത്ഥികൾക്ക് ചെറിയ ഗവേഷണ പദ്ധതി + പോസ്റ്റർ അവതരണം | ഓഗസ്റ്റ്–സെപ്റ്റംബർ | അധ്യാപകർ | പി.ടി.എ, സയൻസ് ക്ലബ് |
| 8 | അറിവ് മികവ് പരീക്ഷിക്കൽ | സ്കൂൾതല ബയോളജി ക്വിസ് + മോഡൽ പ്രദർശനം | സെപ്റ്റംബർ പകുതി | സയൻസ് ക്ലബ് | സയൻസ് ക്ലബ്, പൂർവവിദ്യാർത്ഥികൾ |
| 9 | വന്യജീവി സംരക്ഷണം | വൈൽഡ് ലൈഫ് വീക്ക് – ഡോക്യുമെന്ററി, ചർച്ച, പ്രതിജ്ഞ | ഒക്ടോബർ 2–7 | ഇക്കോ ക്ലബ് | പി.ടി.എ |
| 10 | കരിയർ ബോധവൽക്കരണം | "ജീവശാസ്ത്രത്തിൽ ജോലി അവസരങ്ങൾ" – പ്രഭാഷണം | ഒക്ടോബർ 3 ആം ആഴ്ച | കരിയർ ഗൈഡൻസ് സെൽ | എസ്.എം.സി |
| 11 | വിദ്യാർത്ഥി പ്രതിഭാ പ്രദർശനം | വർഷാന്ത്യ സയൻസ് | നവംബർ 2 ആം ആഴ്ച | സയൻസ് ക്ലബ്, ബയോളജി വിഭാഗം | പി.ടി.എ, ജില്ലാതല ഗ്രാന്റ് |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | എക്സിബിഷൻ / ബയോ-ഫെയർ | | | |
| 12 | പാഠഭാഗം പുനരാവർത്തനം | പിയർ ലേണിങ്, ഗ്രൂപ്പ് റിവിഷൻ ക്ലാസുകൾ | ജനുവരി– ഫെബ്രുവരി | ബയോളജി വിഭാഗം | സ്കൂൾ അധ്യാപന ഫണ്ട് |
| 13 | പഠന ഫലങ്ങൾ രേഖപ്പെടുത്തൽ | വിദ്യാർത്ഥികളുടെ ശാസ്ത്ര പത്രിക **"യങ് ബയോളജിസ്റ്റ്"** പ്രസിദ്ധീകരണം | മാർച്ച് | അധ്യാപക-വിദ്യാർത്ഥി കമ്മിറ്റി | പി.ടി.എ, ലോക്കൽ സ്പോൺസർമാർ |

# പി.എച്ച്.എം.കെ.എം.വി.എച്ച്.എസ്.എസ് പനവൂർ

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

**മേഖല – ഹൈസ്കൂൾ – ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |